"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ മുഖേന സൗജന്യ കണക്ഷൻ/ റീറ്റെയ്ൽ കണക്ഷനുകൾ നൽകുന്നതിന് പുതുക്കിയ മാർഗനിർദേശങ്ങൾ വിശദമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.46/2025/ITD തീയതി,തിരുവനന്തപുരം, 05-03-2025

പരാമർശം:- 1) 04-05-2022-ലെ സ.ഉ.(കൈ)നം.13/2022/ITD.

2) 24-05-2022-ലെ സ.ഉ.(കൈ)നം.18/2022/ITD.

3) 31-08-2022-ലെ സ.ഉ.(കൈ)നം.32/2022/ITD.

4) കെ-ഫോൺ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 30-08-2024-ലെ 02/KFON/KVBL/2024-25/865 നമ്പർ കത്ത്.

**ഉത്തരവ്**

കെ-ഫോൺ മുഖേനെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും പൊതുജനങ്ങൾക്ക് താരതമ്യേനെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കുക എന്നത് കെ-ഫോൺ പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശലക്ഷ്യങ്ങളിലൊന്നാണ്. സൗജന്യ കണക്ഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ പ്രകാരം തദ്ദേശ സ്ഥാപനങ്ങളാണ് സൗജന്യ കണക്ഷൻ നൽകേണ്ട ഗുണഭോക്താക്കളുടെ പട്ടിക കെ-ഫോണിന് ലിമിറ്റഡിന് കൈമാറുന്നത്. എന്നാൽ, കൂടുതൽ വേഗത്തിൽ സൗജന്യ കണക്ഷനുകളും റീറ്റെയ്ൽ കണക്ഷനുകളും നൽകേണ്ടതുണ്ടെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായി.

2) സൗജന്യ കണക്ഷൻ തുടർന്ന് നല്കാൻ ഒരു കണക്ഷന് പ്രതിമാസം 299 രൂപയും (നികുതി ഉൾപ്പെടാതെ) ഒറ്റത്തവണ ചാർജായി ഒരു കണക്ഷന് 5000 രൂപയും ചെലവഴിക്കാനുള്ള അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം കെ-ഫോൺ മാനേജിങ് ഡയറക്ടർ ആവശ്യപ്പെട്ടു. ലോക്കൽ നെറ്റ് വർക്ക് സേവന ദാതാക്കളുടെ സഹകരണത്തോടെയാണ് സൗജന്യ കെ-ഫോൺ കണക്ഷൻ നല്കാൻ നിശ്ചയിച്ചിട്ടുള്ളതെന്നും പരാമർശം (4) പ്രകാരം കെ-ഫോൺ മാനേജിങ് ഡയറക്ടർ വ്യക്തമാക്കി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കെ-ഫോൺ മുഖേന സൗജന്യ കണക്ഷൻ/ റീറ്റെയ്ൽ കണക്ഷനുകൾ നൽകുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു:-

i) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റ് ഉപഭോക്താക്കൾക്ക് താരിഫ് അടിസ്ഥാനത്തിലും ആകെ ഒരു ലക്ഷം കണക്ഷൻ ഓരോ ആറു മാസവും അപേക്ഷയുടെ മുൻഗണനാ ക്രമത്തിന്റെ (first come first served) അടിസ്ഥാനത്തിൽ നൽകണം. സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുന്നതിന് പകരം മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡ് ഉള്ള എല്ലാ കുടുംബങ്ങളെയും സൗജന്യ കണക്ഷൻ നൽകുന്നതിനുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കളായി പരിഗണിക്കേണ്ടതാണ്. അപേക്ഷകരുടെ റേഷൻ കാർഡിന്റെ സാധുത കെ-ഫോൺ ലിമിറ്റഡ് ഇലക്ട്രോണിക് സംവിധാനം മുഖേനെ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്.

ii) പരാമർശം (2) പ്രകാരം നിർദേശിച്ച 14000 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി

ഇനി പ്രത്യേകമായി ഇടപെടേണ്ടതില്ല. പ്രസ്തുത പദ്ധതി പ്രകാരം നല്കാൻ ശേഷിക്കുന്ന കണക്ഷനുകൾ അപേക്ഷ ലഭ്യമാക്കാതെ തന്നെ അടിയന്തിരമായി പുതിയ കണക്ഷനുകളോടൊപ്പം നൽകേണ്ടതാണ്.

iii) സൗജന്യ കണക്ഷൻ നൽകുന്നതിന് പരാമർശം (3) പ്രകാരം നിശ്ചയിച്ച മുൻഗണന ഇനി ബാധകമായിരിക്കുകയില്ല. എന്നിരുന്നാലും, സൗജന്യ കണക്ഷന് വേണ്ടിയുള്ള അപേക്ഷകളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി ഉടൻ കണക്ഷൻ നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

iv) ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖേന ഇനി നൽകുന്ന പുതിയ ഓരോ സൗജന്യ കണക്ഷനും ഒറ്റ തവണ തുകയായി 5000 രൂപയും, ഇതുവരെ നൽകിയ കണക്ഷനുകൾക്കും ഇനി നൽകുന്ന എല്ലാ സൗജന്യ കണക്ഷനുകൾക്കും മാസ വരിസംഖ്യയായി 299 രൂപയും (നികുതി ഉൾപ്പെടാതെ) കെ-ഫോൺ ലിമിറ്റഡിന് ചെലവഴിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ-ഫോൺ ലിമിറ്റഡ്.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.ഐ.എൽ.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്.
ഊർജ്ജ വകുപ്പ്.
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ. & പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by
Mahesh. R
സെക്ഷൻ ഓഫീസർ
Date: 06-03-2025 09:58:13

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്